പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യംനം. 2658

19.07.2011-ന് മുഖ്യമന്ത്രി
മറുപടി നൽകേണ്ടത്

**പി.എസ്.സി. അംഗമായിരുന്നവരുടെ പുനർ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ:<br>" പി. ഉബൈദുള്ള:<br>" സി. മമ്മൂട്ടി:<br>" വി. എം. ഉമ്മർ മാസ്റ്റർ : | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഭരണഘടനാസ്ഥാപനമായ സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗമോ, ചെയർമാനോ ആയി സേവനമനുഷ്ഠിച്ചിട്ടുള്ള വ്യക്തി, സർക്കാർ ശമ്പളമുള്ള തസ്തികയിൽ പുനർ നിയമനം സ്വീകരിക്കാൻ പാടില്ലെന്ന വ്യവസ്ഥ നിലയിലുണ്ടോ; | (എ) ഇൻഡ്യൻ ഭരണഘടനയുടെ അനുച്ഛേദം 319 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാനോ, അംഗമോ ആയിരുന്ന ഒരു വ്യക്തിക്ക് കേന്ദ്ര സർക്കാരിന്റേയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റേയോ കീഴിലുള്ള ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനായി നിയമിക്കപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. |
| (ബി) എങ്കിൽ സംസ്ഥാനത്ത് പി.എസ്.സി. അംഗമായിരുന്ന ആരെങ്കിലും ഇപ്പോൾ അത്തരം തസ്തികയിൽ പ്രവർത്തിക്കുന്നുണ്ടോ; മുമ്പ് പ്രവർത്തിച്ചിരുന്നോ; | (ബി) മുൻ പി.എസ്.സി. അംഗമായിരുന്ന ഡോ. കെ. രാജഗോപാൽ ഇപ്പോൾ സംസ്ഥാന വിവരാവകാശ കമ്മീഷണർ ആയി പ്രവർത്തിക്കുന്നുണ്ട്. മറ്റ് മുൻ പി.എസ്.സി. അംഗങ്ങൾ മുൻ കാലത്ത് പ്രവർത്തിച്ചിരുന്നോ എന്നുള്ള വിവരം ലഭ്യമല്ല. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ചീഫ് കമ്മീഷണർ ഉൾപ്പെടെ എത്ര അംഗങ്ങളുണ്ടെന്നും, അവർ ഓരോരുത്തരും മുമ്പ് വഹിച്ചിരുന്ന പദവികൾ ഏതെല്ലാമെന്നും വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ചീഫ് ഇൻഫർമേഷൻ കമ്മീഷണർ ഉൾപ്പെടെ 5 (അഞ്ച്) അംഗങ്ങൾ ഉണ്ട്. അവരുടെ പേരു വിവരങ്ങളും അവർ മുമ്പ് വഹിച്ചിരുന്ന പദവികൾ സംബന്ധിച്ച വിശദാംശങ്ങളും ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ഡോ.സിബി മാത്യൂസ് (മുഖ്യ വിവരാവകാശ കമ്മീഷണർ) | ഐ.പി.എസ്. ഓഫീസർ (വോളണ്ടറിലി റിട്ടയേർഡ്) |
| ഡോ. കെ. രാജഗോപാൽ | മുൻ പി.എസ്.സി. അംഗം |
| ശ്രീ.എം.എൻ.ഗുണവർദ്ധനൻ | ഐ.എ.എസ്. ഓഫീസർ (റിട്ടയേർഡ്) |
| ശ്രീ. കെ. നടരാജൻ | ഐ.പി.എസ്. ഓഫീസർ (വോളണ്ടറിലി റിട്ടയേർഡ്) |
| ശ്രീ. സോണി ബി. തെങ്ങമം | നിയമിക്കുന്ന സമയം പദവികളൊന്നും വഹിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ